പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2678** 18.06.2018- ൽ മറുപടിക്ക്

## <u>മൂന്നാർ-ബോഡിമേട്ട് റോഡിന്റെ നിർമ്മാണം</u>

| <u>ചോദ്യം</u> | | <u>മറുപടി</u> |
|---|---|---|
| **ശ്രീ.മോൻസ് ജോസഫ്**<br>**ശ്രീ.പി.ജെ.ജോസഫ്**<br>**ശ്രീ.റോഷി അഗസ്റ്റിൻ** | | **ശ്രീ. ജി. സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| എ) കൊച്ചി-ധനുഷ്കോടി ദേശീയപാത 49 ൽ മൂന്നാർ-ബോഡിമേട്ട് റോഡിന്റെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ; | എ) | കൊച്ചി-ധനുഷ്കോടി ദേശീയ പാത 49 ൽ മൂന്നാർ - ബോഡിമേട്ട് റോഡിന്റെ നിർമ്മാണ കാലാവധി 730 ദിവസങ്ങളാണ് (24 മാസം). 01/09/2017 ൽ ആരംഭിച്ച പ്രവൃത്തി 31/08/2019 ൽ തീർക്കാനാണ് ഉദ്ദേശിച്ചിരിക്കുന്നത്. നിലവിൽ 14.6% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട് |
| ബി) ഈ റോഡുപണി പൂർത്തിയാകാത്തതുമൂലം ജനങ്ങളും സഞ്ചാരികളും അനുഭവിക്കുന്ന ദുരിതത്തിന് പരിഹാരം കാണുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; | ബി) | നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിൽ 75% റോഡും നിർമ്മാണ പ്രവൃത്തികൾക്കായി ലഭ്യമായിട്ടുണ്ട് വളരെ അപകടകരമായ പ്രവൃത്തികൾ നടക്കുന്ന ഭാഗങ്ങളിൽ നിർമ്മാണ സമയത്ത് വാഹനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. എങ്കിലും അടിയന്തിര ഘട്ടങ്ങളിൽ വാഹനങ്ങളെ പോകാൻ അനുവദിക്കുന്നുണ്ട് നിർമ്മാണ പ്രവൃത്തികളുടെ അഭാവത്തിൽ പാത പൂർണ്ണമായും ഉപയോഗയോഗ്യമാണ്. |
| സി) ഈ പദ്ധതിയുടെ തടസ്സങ്ങൾ മാറ്റിയെടുക്കുന്നതിന് വേണ്ടി കാബിനറ്റ് തീരുമാനം | സി & ഡി | വനഭൂമി സംബന്ധിച്ച പ്രശ്നപരിഹാരത്തിന് ക്യാബിനറ്റ് തീരുമാനം നിലവിലുണ്ട് അതുപ്രകാരം നിർമ്മാണ ജോലികൾക്കായി തർക്കഭൂമി |

| | |
|---|---|
| നിലവിലുണ്ടോ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ കൈക്കൊണ്ടിട്ടുണ്ടോ എന്നറിയിക്കാമോ; | വിട്ടുകൊടുത്തിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു. കാർഡമം ഹിൽ റിസർവ് ഏര്യയിൽ വരുന്ന ഭാഗം നിർമ്മാണത്തിന് തടസ്സമില്ലെന്ന് തീരുമാനമായിട്ടുള്ളതാണ്. വനം വകുപ്പിൽ നിന്ന് വാല്യൂവേഷൻ ലഭിക്കുന്ന മുറയ്ക്ക് മരങ്ങൾ നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| ഡി) പ്രസ്തുത റോഡ് വീതി കൂട്ടുന്നതിനായി മരംമുറിക്കുന്നതിന് വനം വകുപ്പ് ഉന്നയിക്കുന്ന തടസ്സവാദങ്ങൾ ഒഴിവാക്കിയും ദേശീയപാത 49-ലെ കാർഡമം ഹിൽ റിസർവ് ഭൂമി വനഭൂമിയല്ലെന്നുള്ള സർക്കാർ നിലപാട് അംഗീകരിച്ചും റോഡുപണി എത്രയും വേഗം പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | |

S. Bindu

സെക്ഷൻ ഓഫീസർ